LIBRARY ARCHIVES Kerala Legislative Assembly

ആയതിനാൽ സർക്കാർ ഈ തീരുമാനം പുന:പരിശോധിക്കുകയും 25-5-2020-ലെ സ.ഉ.(സാധ) നമ്പർ 222/2020/ പി&ഇഎ പ്രകാരം ആയത് ഐറ്റം റേറ്റ് രീതിയിലേയ്ക്ക് മാറ്റുകയും ചെയ്യ. അതനുസരിച്ച് സർവ്വേ, മണ്ണുപരിശോധന, രൂപകല്പന, DPR എന്നിവ ചെയ്യുന്നതിനായി കൺസൾട്ടൻസി കരാർ നൽകുകയും ചുമതലപ്പെട്ട കൺസൾട്ടൻസി DPR രൂപീകരണം പൂർത്തിയാക്കി വരികയും ചെയ്യുന്നു. ഇത്തരത്തിൽ തയ്യാറാക്കിയ DPR-കളിൽ വയനാട് ജില്ലയിലെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് കരാർ രൂപീകരിച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടമായി 71 റോഡുകൾകൂടി ഏറ്റെടുക്കാനുണ്ട്. അവയുടെ സർവ്വേ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

316 (3344) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോദ്യോഗസ്ഥർ ആരൊക്കെയാണ് എന്നറിയിക്കാമോ; ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും ജില്ലാ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും നഗരസഭകളിൽ മുനിസിപ്പൽ എഞ്ചിനീയറെയും കോർപ്പറേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ളവരെയും നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 22-1-2007-ലെ സ.ഉ. (സാധാ) നമ്പർ 253/2007/ത.സ്വ.ഭ.വ., 29-3-2017-ലെ ജി.ഒ (എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ., ചീഫ് എഞ്ചിനീയറുടെ 18-7-2017-ലെ ഡിബി3/5068/17/സി.ഇ./എൽ.എസ്.ജി.ഡി. സർക്കുലർ, 7-6-2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം എന്നിവപ്രകാരം ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ. സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് (എം.എൽ.എ. എസ്.ഡി.എഫ്.) പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണോ ദ്യോഗസ്ഥൻ ആരാണെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികളുടെ നിർവ്വഹണം പൊതുമരാമത്ത്, ഗ്രാമവികസനം, ജലസേചനം, കൃഷി, ആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ വിവിധ വികസന അതോറിറ്റികൾ, അക്രെഡിറ്റഡ് ഏജൻസി എന്നിവ മുഖേനയാണ് നടത്തുന്നത്.

(സി) സി.എം.എൽ.ആർ.ആർ.പി., റീബിൽഡ് കേരള എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്ന രീതിയിൽ എം.എൽ.എ.-എസ്.ഡി.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതുവഴി വേഗതയിൽ നിർവ്വഹണം നടത്തുന്നതിന് സാധിക്കുമോയെന്ന് വിശദമാക്കുമോ?

പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണവും സുസ്ഥിരവികസനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രത്യേക പദ്ധതികളാണ് സി.എം.എൽ.ആർ.ആർ.പി, റീബിൽഡ് കേരള എന്നിവ എം.എൽ.എ. -എസ്.ഡി.എഫ്. പോലുള്ള പദ്ധതികൾ മേൽസംവിധാനത്തിൽ നടപ്പിലാക്കാൻ നിലവിലെ സാഹചര്യത്തിൽ കഴിയുകയില്ല.

(ഡി) എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ച് പിന്നീട് സാങ്കേതികാനുമതി പ്രൈസ് സോഫ്റ്റ്വെയർ വഴി നൽകുമ്പോൾ, സോഫ്റ്റ്വെയറിലെ നിരക്കിൽ മാറ്റം വരികയാണെങ്കിൽ വീണ്ടും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതുകാരണം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ ഉണ്ടോയെന്ന് അറിയിക്കാമോ?

സമയബന്ധിതമായി ഭരണാനുമതി നൽകി പ്രശ്നം പരിഹരിക്കാവുന്നതാണ്.

(ഇ) മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ?

ഇ-എം.ബുക്ക് സംവിധാനം ഏർപ്പെടുത്തി മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം മെച്ചപ്പെട്ടതാക്കാനും സമയബന്ധിതമാക്കാനും ശ്രമം നടത്തിവരുന്നു.